## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2289** **20.06.2012-ലെ മറുപടിക്ക്**

### കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ് ഫെഡറേഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ് ഫെഡറേഷൻ 2012-13 വർഷത്തേക്ക് മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചിട്ടുള്ളതും അപേക്ഷകർക്കിടയിൽ പരീക്ഷ നടത്തിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) അക്കാഡമിക് മെരിറ്റടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്നും പരീക്ഷ നിയമാനുസൃതമാണ് നടത്തിയിട്ടുള്ളതെന്നും ഉറപ്പ് വരുത്തിയിട്ടുണ്ടോ ; | (എ) & (ബി)<br><br>2012-13 വർഷത്തെ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ്സ് ഫെഡറേഷനുമായി സർക്കാർ ഒപ്പുവച്ച കരാർ പ്രകാരം മൊത്തം സീറ്റിന്റെ 50% സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള റാങ്ക്ലിസ്റ്റിൽനിന്നും മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്തുന്നതും ബാക്കി 50% സീറ്റുകളിൽ നിർദ്ദിഷ്ട അക്കാഡമിക് മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം നടത്താൻ മാനേജ്മെന്റുകൾക്കും അനുമതി നൽകിയിട്ടുണ്ട്. ഈ 50% സീറ്റുകളുടെ 35% ത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയുടേയും യോഗ്യതാപരീക്ഷയിലെ ഐച്ഛിക വിഷയങ്ങളിൽ (core subjects) നേടിയ മാർക്കിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുന്നത്. ശേഷിക്കുന്ന 15% സീറ്റുകളിൽ എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാമെന്നും വ്യവസ്ഥയുണ്ട്. എൻ.ആർ.ഐ. വിഭാഗം വിദ്യാർത്ഥികളെ പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിദ്യാർത്ഥികളെ ബന്ധപ്പെട്ട സർവ്വകലാശാലകൾ നിശ്ചയിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് പ്രവേശിപ്പിക്കുന്നത് |

(സി) ഫെഡറേഷന് കീഴിലുള്ള കോളേജുകളിൽ, മെഡിക്കൽ പി.ജി./ഡിഗ്രി കോഴ്സുകൾക്ക് അനുവദനീയമായ സീറ്റുകൾ എത്രയാണെന്നും, എത്ര സീറ്റുകളിൽ ഏതെല്ലാം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

(സി) ഫെഡറേഷന് കീഴിലുള്ള നാല് കോളേജുകളിലായി എം.ബി.ബി.എസിന് **400** സീറ്റുകളും ബി.ഡി.എസിന് **50** സീറ്റുകളുമാണ് നിലവിലുള്ള പ്രസ്തുത സീറ്റുകളുടെ 50% സീറ്റുകളിൽ സർക്കാർ മെരിറ്റിലും 50% സീറ്റുകളിൽ മാനേജ്മെന്റ് തലത്തിലും പ്രവേശനം നടത്താൻ കരാറായിട്ടുണ്ട്. ഫെഡറേഷന് കീഴിലുള്ള 4 കോളേജുകളിലായി പി.ജി. കോഴ്സുകൾക്ക് 95 സീറ്റുകളാണുള്ളത്. ഇവയിൽ 47 സീറ്റുകളിൽ സർക്കാർ മെരിറ്റിലും 48 സീറ്റുകളിൽ മാനേജ്മെന്റ് തലത്തിലുമാണ് പ്രവേശനം നടത്തുന്നതിന് നീക്കിവച്ചിരുന്നത് എത്ര സീറ്റുകളിൽ ഏതെല്ലാം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ടെന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ